(ബി) നാഷണൽ ഹിൽഹൈവേ ഏതെല്ലാം സ്ഥലങ്ങളിൽകൂടി കടന്നുപോകണമെന്നു കാണിച്ച് ജനപ്രതിനിധികളിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ?

മരാമത്തും സ്പോർട്സും വകുപ്പ്മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഹിൽഹൈവേയുടെ പ്രാരംഭസർവ്വേ പൂർത്തിയായി വരുന്നു. ലോകബാങ്കിന്റെ ധനസഹായം നേടുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശകതത്വങ്ങൾക്കനുസൃതമായി ഒരു പ്രൊജക്ടു റിപ്പോർട്ടും തയ്യാറാക്കിവരുന്നു. ഹിൽഹൈവേയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ വീതികൂടിയും വളവ് നിവർത്തിയും നന്നാക്കി എടുക്കുന്നതിനുള്ള മാതൃകാ എസ്റ്റിമേറ്റുകളും തയ്യാറായി വരുന്നുണ്ട്.

(ബി) ഉണ്ട്.

ഹരിജൻ കോളനികൾ

* 55 [62] ശ്രീ. പി. ജെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്ഥലം ഹരിജൻ കോളനിയായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) കേരളത്തിൽ എത്ര ഹരിജൻ കോളനികൾ ഉണ്ട്;

(സി) ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലം ഹരിജൻ കോളനിയാണോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഹരിജനങ്ങളെ കുടിയിരുത്തുന്നതിന് സ്ഥലം പൊന്നുംവിലക്കെടുത്തോ, പുറംപോക്ക് ഭൂമിയോ വനഭൂമിയോ പ്രസ്തുത ആവശ്യത്തിന് ലഭ്യമാക്കിയോ ഹരിജനക്ഷേമ വകുപ്പ് നേരിട്ട് ആരംഭിച്ചിട്ടുള്ള കോളനികളെയാണ് ഹരിജൻ കോളനി എന്ന പേരിൽ അറിയപ്പെടുന്നത്.

(ബി) 475 എണ്ണം + 14 = 489

(സി) അല്ല. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ ''ഹരിജൻ സങ്കേതങ്ങൾ'' എന്ന പേരിലാണ് അറിയപ്പെടുന്നത്.

തൊഴിലാളി ക്ഷേമനിധി

* 56 [63] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ്മന്ത്രി സദയം മറുപടിനൽകുമോ:

(എ) കാർഷികത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ;

(സി) നടപ്പാക്കിയിട്ടില്ലെങ്കിൽ എന്താണതിനു കാരണം?

LIBRARY ARCHIVES Kerala Legislative Assembly